LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 64 നഗരസഭകളിൽ ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി 28.10 കോടി രൂപയും മാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലില്ലാത്ത നഗരസഭകളിൽ പുതിയ പ്ലാന്റുകൾ സ്ഥാപിക്കുന്നതിലേയ്ക്കും നിലവിലുള്ള പ്ലാന്റുകൾ ആധുനികവത്ക്കരിക്കുന്നതിലേയ്ക്കും വേണ്ടി 28.62 കോടി രൂപയും നഗരസഭകൾക്ക് സർക്കാർ സാമ്പത്തിക സഹായമായി കൈമാറിയിട്ടുണ്ട്. മാലിന്യം ഉറവിടത്തിൽത്തന്നെ തരംതിരിക്കാനും ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ സംസ്കരിക്കാനും നടപടി എടുക്കുന്നതിന് സമൂഹത്തിലെ വിവിധ വിഭാഗങ്ങളുടെ സഹകരണം ഉറപ്പാക്കുന്നതിനുള്ള വ്യാപകമായ പ്രചരണ പരിപാടികളാണ് ഇപ്പോൾ നടത്തിവരുന്നത്.

(ബി) 2012-ലെ കേരള നഗരപാലിക ചട്ടത്തിലെ ഭേദഗതി പ്രകാരം ഹോട്ടലുകളിലും ആശുപത്രികളിലും മറ്റ് വാണിജ്യ സ്ഥാപനങ്ങളിലും ഉൽപ്പാദിപ്പിക്കപ്പെടുന്ന മാലിന്യം സംസ്കരിക്കുന്നതിനുള്ള ചുമതല ബന്ധപ്പെട്ട സ്ഥാപന ഉടമകളുടെ ചുമതലയാണ്. ആയതുപ്രകാരം വൻകിട ഹോട്ടലുകളിൽ ഉറവിടങ്ങളിൽത്തന്നെ മാലിന്യ സംസ്കരണ സംവിധാനം സ്ഥാപിച്ച് പരിപാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനും ആശുപത്രികളിലെ മാലിന്യം മാലിന്യ ഉല്പാദകർ നേരിട്ടോ പൊതുമാലിന്യ സംസ്കരണം ഉപയോഗപ്പെടുത്തി കൂട്ടായോ നിർമ്മാർജ്ജനം ചെയ്യുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്തം സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലും നിക്ഷിപ്തമാണ്.

മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി

138 (3422) ശ്രീ. കെ. അച്ചുതൻ :
ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ഡി. സതീശൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എത്ര മുനിസിപ്പാലിറ്റികളാണ് പ്രസ്തുത പദ്ധതി അനുസരിച്ച് നടപടികൾ സ്വീകരിച്ചിട്ടുള്ളത് ; വിശദമാക്കുമോ ;

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ മാസ്റ്റർ പ്ലാൻ തയ്യാറാക്കുക എന്ന ലക്ഷ്യത്തോടെ 'മാസ്റ്റർ പ്ലാനുകളും വിശദ നഗരാസൂത്രണ പദ്ധതികളും തയ്യാറാക്കുന്നതിനുള്ള സ്കീം' സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മുൻകാലങ്ങളിൽ സർക്കാർ അംഗീകരിച്ച പ്ലാനുകൾ ഉള്ള മുനിസിപ്പാലിറ്റികളിൽ അവ കാലാനുസൃതമായി പുതുക്കി തയ്യാറാക്കുന്നതും നിലവിൽ മാസ്റ്റർ പ്ലാനുകൾ ഇല്ലാത്ത മുനിസിപ്പാലിറ്റികൾക്ക് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. പദ്ധതി നടപ്പാക്കുന്നതിനായി ഈ സാമ്പത്തിക വർഷം 2217-08-001-64 എന്ന ശീർഷകത്തിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ 65 മുനിസിപ്പാലിറ്റികളെയും (5 മുനിസിപ്പൽ കോർപ്പറേഷനുകളും 60 മുനിസിപ്പൽ കൗൺസിലുകളും) രണ്ടുഘട്ടങ്ങളിലായി നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(സി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സമയബന്ധിതമായി മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്നതിന്റെ ആവശ്യത്തിലേയ്ക്കായി സർക്കാർ വിശദമായ മാർഗ്ഗരേഖകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ജി.ഒ.(ആർ.ടി) നമ്പർ 2766/2009/എൽ.എസ്.ജി.ഡി. തീയതി 24-10-2009, ജി.ഒ.(ആർ.ടി) നമ്പർ 2767/2009/എൽ.എസ്.ജി.ഡി. തീയതി 24-10-2009 എന്നിവ മാർഗ്ഗരേഖ പ്രകാരം അതത് നഗരസഭകളും നഗര ഗ്രാമാസൂത്രണ വകുപ്പും സംയോജിതമായാണ് മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടത്. നഗരങ്ങളുടെ മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി ചീഫ് ടൗൺ പ്ലാനർ (പ്ലാനിംഗ്) തുടർച്ചയായി വിലയിരുത്തുന്നുണ്ട്. കൂടാതെ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നാല് അവലോകന യോഗങ്ങൾ നടത്തിയിട്ടുണ്ട്. വകുപ്പ് മന്ത്രി മൂന്ന് പ്രാവശ്യം നഗരങ്ങൾക്ക് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുകയുണ്ടായി. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്ന പ്രക്രിയ വിശദമാക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ വർക്ക്ഷോപ്പുകൾ എന്നിവ നഗര-ഗ്രാമാസൂത്രണ വകുപ്പ് നടത്തുന്നുണ്ട്. കൂടാതെ മാസ്റ്റർ പ്ലാൻ സമയബന്ധിതമായി തയ്യാറാക്കുന്നതിന് സഹായകമാകുംവിധം ടൂൾ കിറ്റുകൾ, ലഘുലേഖകൾ, പഠനസഹായികൾ എന്നിവയും തയ്യാറാക്കിയിട്ടുണ്ട്.